പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു. 2012-13-ൽ സർക്കാർ കെട്ടിടങ്ങളിൽ 110 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾക്ക് സർക്കാർ അനുമതി നൽകുകയുണ്ടായി. കഴൽമന്ദം 2 മെഗാവാട്ട് പദ്ധതിക്കും സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.എൽ.-ൽ മുഖേന നവീകരണ ഊർജ്ജം പ്രോത്സാഹിപ്പിക്കുന്നതിനായി റിന്യൂവബിൾ എനർജി ആന്റ് എനർജി സേവിംഗ്സ് എന്ന പേരിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-യുടെ സ്വന്തം കെട്ടിടങ്ങളുടെ മുകളിൽ റൂഫ് ടോപ്പ് സോളാർ സ്ഥാപിക്കുകയും ബോർഡിന്റെ സ്വന്തം സ്ഥലത്ത് ground mounted solar സ്ഥാപിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

വീടുകളിൽ ഏറ്റവും കുറച്ച് വൈദ്യുതി ഉപയോഗിക്കുന്നതിന് പ്രോത്സാഹനം

55(2256) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ വൈദ്യുതി കുറച്ച് ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾക്ക് പകരം ചെലവ് കുറഞ്ഞതും വൈദ്യുതി ഉപയോഗം വളരെ കുറഞ്ഞതുമായ ഇനങ്ങളെയും ബ്രാൻഡുകളെയും പരിചയപ്പെടുത്തുവാനും അതിന്റെ കാര്യക്ഷമവും വൈദ്യുതി ഉപയോഗം കുറയ്ക്കാവുന്നതുമായ പ്രയോഗം പരിചയപ്പെടുത്തുവാനും നടപടികളുണ്ടോ;

(സി) കുട്ടികളുടെ ഇടയിൽ വൈദ്യുതി ഉപയോഗം കുറയ്ക്കുന്ന ശീലമുണ്ടാക്കാൻ എന്തെല്ലാം പാഠങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെയും ഊർജ്ജ സംരക്ഷണത്തിന്റെയും പ്രാധാന്യം ബോധ്യപ്പെടുത്തുന്ന വിവിധ പ്രചാരണ പ്രവർത്തനങ്ങൾ പത്ര-ദൃശ്യ-ശ്രാവ്യമാദ്ധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവയിലൂടെയും പരസ്യങ്ങൾ, ലഘുലേഖകൾ മുഖേനയും നടപ്പിലാക്കിവരുന്നു. മലയാള മനോരമയുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണ സന്ദേശം പ്രചരിപ്പിക്കാനുതകുന്നതും ഇതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതുമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ച "ഊർജ്ജച്ചെപ്പ്" എന്ന കൈപ്പുസ്തകത്തിന്റെ 22 ലക്ഷം കോപ്പികൾ ദിനപത്രത്തോടൊപ്പം വിതരണം ചെയ്തു. വൈദ്യുതി സംരക്ഷണത്തെ കുറിച്ചുള്ള ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ദൂരദർശനിൽ 'സ്പന്ദനം' എന്ന പേരിൽ ഒരു പ്രതിവാര പരിപാടി കെ.എസ്.ഇ.ബി. സംപ്രേഷണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുവരുന്നു. കേരളത്തിലെ പ്രധാന പ്രദർശന നഗരികളിൽ വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കുന്ന സാഹചര്യം സൃഷ്ടിക്കാൻ ഉപഭോക്താക്കളെ സജ്ജമാക്കുന്നതിനുവേണ്ടിയുള്ള ബൃഹത്തായ ഊർജ്ജ ഉപയോഗ സാക്ഷരതാ പ്രചാരണ പരിപാടിയായ ലാഭപ്രഭ 2013, 2014 വർഷങ്ങളിൽ നടപ്പിലാക്കി. ലാഭപ്രഭ പദ്ധതിയോടൊപ്പം 2013 മാർച്ച് 23-ന് 'നോ ലോഡ്ഷെഡിംഗ് കാമ്പയിൻ' എന്ന പദ്ധതിയും നടപ്പിലാക്കി. ഈ പദ്ധതിയിലൂടെ ഉപഭോക്താക്കളുമായി സഹകരിച്ച് ഊർജ്ജസംരക്ഷണത്തിലൂടെ വൈദ്യുതി ലാഭിക്കുകയും പത്ത് ശതമാനത്തിലധികം വൈദ്യുതി ലാഭിച്ച ഫീഡറുകൾ കേന്ദ്രീകരിച്ച് ലോഡ്ഷെഡിംഗ് ഒഴിവാക്കുകയും ചെയ്തു. ഊർജ്ജ സംരക്ഷണത്തിലൂടെ വീടുകളിൽ വൈദ്യുതി കുറച്ച് ഉപയോഗിക്കുന്നത് സംബന്ധിച്ച ബോധവത്കരണ പ്രവർത്തനങ്ങൾക്കായി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം" (എസ്കോർട്ട്) എന്ന വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ സ്മാർട്ട് എനർജി പ്രോഗ്രാം നടത്തിവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ വിദ്യാർത്ഥികൾക്കായി എനർജി കോൺഗ്രസ്സും നടത്തിവരുന്നു. 'ഊർജ്ജ കിരൺ' എന്ന പേരിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ബോധവത്കരണ പരിപാടിയും സംഘടിപ്പിച്ചുവരുന്നുണ്ട്. ചെലവ് കുറഞ്ഞതും വൈദ്യുതി ഉപയോഗം വളരെ കുറഞ്ഞതുമായ എൽ.ഇ.ഡി. ബൾബുകളെ സംബന്ധിച്ചും സ്റ്റാൻഡേർഡ്സ് ആന്റ് ലേബലിംഗ് ഉള്ള വൈദ്യുതോപകരണങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ചും കെ.എസ്.ഇ.ബി. ലിമിറ്റഡ് ബോധവത്കരണം നടത്തിവരുന്നു.

(ബി) ഉണ്ട്. 2001-ൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ഊർജ്ജ സംരക്ഷണ നിയമത്തിന്റെ കീഴിൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (ബി.ഇ.ഇ) ആവിഷ്കരിച്ച പദ്ധതിയാണ് " എനർജി സ്റ്റാർ ലേബലിംഗ്". സ്റ്റാർ ലേബലിംഗ് ഉപയോഗിച്ച് ഉപഭോക്താവിന് ഉപകരണത്തിന്റെ കാര്യക്ഷമതയും ഊർജ്ജ ഉപഭോഗവും തിരിച്ചറിയാൻ സാധിക്കും. ഊർജ്ജക്ഷമത ഏറ്റവും കൂടുതലുള്ളവയ്ക്ക് അഞ്ച് സ്റ്റാറുകൾ ഉണ്ടായിരിക്കും. ഫ്രോസ്റ്റ് ഫ്രീ റഫ്രിജറേറ്റർ, എയർ കണ്ടീഷണർ, ട്യൂബ്ലൈറ്റ്, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ എന്നീ ഉപകരണങ്ങൾക്ക് നിലവിൽ എനർജി സ്റ്റാർ ലേബലിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. സ്റ്റാർ ലേബലിംഗ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഉപകരണങ്ങളുടെ പുറത്ത് ഒരു വർഷത്തെ വൈദ്യുതി ഉപഭോഗവും മറ്റു വിവരങ്ങളും അടങ്ങിയ എനർജി സേവിംഗ് ലേബൽ പതിപ്പിച്ചിട്ടുണ്ട്. ഇ.എം.സി. നടത്തുന്ന ബോധവത്ക്കരണ പരിപാടികളിൽ സ്റ്റാർ ലേബലിംഗിനെക്കുറിച്ചുള്ള അവബോധം നൽകുവാനുള്ള ക്ലാസ്സുകൾ നൽകിവരുന്നു. കൂടാതെ പൊതുജനങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കുവാൻ ഇ.എം.സി.-യിൽ എനർജി ഇൻഫർമേഷൻ ഹെൽപ്പ്ലൈനും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ വർഷത്തെ ലാഭപ്രഭ പദ്ധതി സ്കൂളുകൾ മുഖാന്തിരം നടത്തിയിരുന്നു. സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ സംബന്ധിച്ച് ബോധവൽക്കരണവും പ്രത്യേക സമ്മാന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി. എനർജി മാനേജ്മെന്റ് സെന്റർ 'സ്മാർട്ട് എനർജി പ്രോഗ്രാം' (SEP) എന്ന പേരിൽ കേരളത്തിലെ എല്ലാ വിഭാഗം സ്കൂളുകളേയും ബന്ധിപ്പിച്ച് ഊർജ്ജ ക്ലബുകൾ രൂപീകരിച്ചു. SEP-യുടെ കീഴിൽ കഴിഞ്ഞ വർഷം 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി 392 സ്കൂളുകളും ഈ വർഷം 1500 സ്കൂളുകളും അംഗങ്ങളായി ചേർക്കപ്പെട്ടു. ഓരോ സ്കൂളിലും 50 കുട്ടികൾ വീതമാണ് SEP അംഗങ്ങളായിട്ടുള്ളത്.

സൗരോർജ്ജ വൈദ്യുതി

56(2257) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൗരോർജ്ജ വൈദ്യുതി വഴി എത്ര യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉത്പാദിപ്പിക്കുന്നുണ്ടെന്നും സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി സംസ്ഥാനത്തെ ആകെ ഉത്പാദനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ട് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന 10000 സൗരഗൃഹ പദ്ധതിവഴി ഒരു കിലോവാട്ട് സ്ഥാപിതശേഷിയുള്ള എണ്ണായിരത്തിലധികം സൗരപ്ലാന്റുകൾ സ്ഥാപിച്ചതിലൂടെ പ്രതിദിനം ഏകദേശം 28000 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചതായി കണക്കാക്കിയിട്ടുണ്ട്. ഇതിനുപുറമെ വിവിധ കെട്ടിടങ്ങളിലായി സ്ഥാപിച്ച 363 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള പവർപ്ലാന്റുകളിൽനിന്നും പ്രതിദിനം ഏകദേശം 1270 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നു. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴി 1.146 MW സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സൗരോർജ്ജ വൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി അനെർട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 10000 സൗരഗൃഹ പദ്ധതി, സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ്ജത്തിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നതിന് 2012-13 കാലഘട്ടത്തിൽ 110 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റ് പദ്ധതികൾ ഡെമോൺസ്ട്രേഷൻ സ്കീമിൽ ഉൾപ്പെടുത്തി സർക്കാർ കെട്ടിടങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly